കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയാനന്തര ശുചീകരണത്തിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ നടത്തേണ്ട തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ. (എം.എസ്) നമ്പർ.132/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19/9/2018.

---

## ഉത്തരവ്

പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി വീടുകളിലും സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പുനചംക്രമണത്തിന് കൈമാറുകയും ചെയ്യുന്നത് ലക്ഷ്യമിട്ടുകൊണ്ട് 2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തീവ്ര ശുചീകരണ പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നദികൾ, തോടുകൾ, മറ്റു ജലാശയങ്ങൾ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് ജലാശയങ്ങൾ ശുചീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവാകുന്നു.

- പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. അതോടൊപ്പം ഹരിതകേരളംമിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ എന്നിവയുടെ സംയുക്ത നേതൃത്വവും ഏകോപനവും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉറപ്പാക്കേണ്ടതാണ്. ജില്ലാതല പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെ ചുമതല ജില്ലാ കളക്ടർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ശുചിത്വമിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർക്കുമായിരിക്കും.

- തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

- വിദ്യാലയങ്ങളിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടത്തുന്ന

ഹരിതോത്സവം പരിപാടിയുടെ ഭാഗമായി മാലിന്യം വേർതിരിക്കുന്ന പ്രവർത്തനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

- സ്ഥാപന മേധാവികൾ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതും എല്ലാ സർക്കാർ ഓഫീസുകളും 01/11/2018 മുതൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനും ജലാശയ തീരത്തുള്ള മാലിന്യം നീക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് 2017, കേരള പഞ്ചായത്തീരാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരമുള്ള ശിക്ഷയും പിഴയും നൽകുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

- നിലവിൽ ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടി നേതൃത്വം നൽകുന്നത് ഉചിതമായിരിക്കും. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൃത്യ സമയത്ത് വിജയകരമായി പൂർത്തീകരിക്കുന്നതിനും നേതൃത്വം നൽകുകയും ജില്ലകളിൽ ആവശ്യമായ യോഗങ്ങൾ വിളിച്ചുചേർക്കുകയും ഉചിതമായ പൊതുപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നതും ഉചിതമായിരിക്കും.

- മേൽ പ്രവർത്തനങ്ങൾക്കായി അത്യാവശ്യമായ തുക (ഗ്രാമ പഞ്ചായത്തുകൾ പരമാവധി 10,000 രൂപ, നഗരസഭകൾ/കോർപ്പറേഷനുകൾ പരമാവധി 25,000 രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു/ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

- ജില്ലാതലത്തിൽ പ്രസ്തുത തീവ്ര ശുചീകരണ പ്രവർത്തനങ്ങളുടെ IEC പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷന്റെ IEC ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ലഭ്യമാക്കേണ്ടതാണ്.

- മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഏകോപനം ശുചിത്വമിഷന്റെ ജില്ലാ കോഓർഡിനേറ്റർമാർ ഉറപ്പാക്കേണ്ടതാണ്.

- പ്രസ്തുത . പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും പങ്കാളിത്തം അതാത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

365

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭാ/ കോർപറേഷൻ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
ഗ്രാമ വികസന കമ്മീഷണർ ,തിരുവനന്തപുരം
പൊതു വിദ്യാഭാസ ഡയറക്ടർ ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ ,ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ്
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് ( O.A.No........ dated 19/9/2018)
പൊതുഭരണ (ഏകോപനം) വകുപ്പ്
ജലവിഭവ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
അണ്ടർ സെക്രട്ടറി

ഇണ്ടാസ് നമ്പർ. ഇഎ1/149/2017/എച്ച്.ആർ.ഡി(2) തീയതി: 08.10.2018

1. തുടർനടപടിക്കൾക്കായി എല്ലാ സ്ഥാപന മേധാവികൾക്കും/നോഡൽ ഓഫീസർമാർക്കും
2. ശ്രീ. വി. കെ. വാണീപ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. കരുതൽ ഫയൽ
5. ഓഫീസ് പകർപ്പ്

ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

10/10

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ